# Malayala Manorama
# 29 August 2018
# Kerala Flood, Man-made Disaster

# ഭരണകൂട നിർമിത ദുരന്തം

**രമേശ് ചെന്നിത്തല**
പ്രതിപക്ഷ നേതാവ്

പ്രകൃതി സംഹാരതാണ്ഡവമാടിയ മഹാപ്രളയം സംസ്ഥാനത്തിന്റെ അടിത്തറ തകർത്താണു കടന്നുപോയത്. ഒരു രാത്രി കൊണ്ട് എല്ലാം നഷ്ടപ്പെട്ട അനേകലക്ഷം മനുഷ്യർ ജീവൻ മാത്രം കയ്യിൽ പിടിച്ചു ദുരിതാശ്വാസ ക്യാംപുകളിലേക്ക് ഒഴുകിയെത്തി. കേരളം വിറങ്ങലിച്ച ദിവസങ്ങളായിരുന്നു അത്.

മനുഷ്യനിർമിതമായ, ഭരണകൂട നിർമിതമായ ദുരന്തമായിരുന്നു അത്. കാര്യങ്ങൾ മുൻകൂട്ടി കാണുന്നതിലും സമയോചിതമായി പ്രവർത്തിക്കുന്നതിലും സർക്കാർ വരുത്തിയ വൻവീഴ്ചയാണു പ്രളയക്കെടുതിക്കു കാരണമായത്.

ജൂലൈ പകുതി കഴിഞ്ഞപ്പോൾ തന്നെ ഇടുക്കിയിലെ ഡാമുകൾ നിറഞ്ഞിരുന്നു. മഴ വീണ്ടും ശക്തി പ്രാപിക്കുമെന്നു സംസ്ഥാന, കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങൾ മുന്നറിയിപ്പു നൽകിയെങ്കിലും അവഗണിച്ചു. മുല്ലപ്പെരിയാർ നിറഞ്ഞ് അവിടെ നിന്നുള്ള വെള്ളവും ഇടുക്കിയിലെത്താനുള്ള സാധ്യത വർധിച്ചു.



ചെറുതോണിക്കു പുറമെ ഇടമലയാർ, ലോവർ പെരിയാർ, കല്ലാർകുട്ടി, ഭൂതത്താൻകെട്ട്, പൊന്മുടി, മാട്ടുപ്പെട്ടി, ചെങ്കുളം തുടങ്ങിയ എല്ലാ ഡാമുകളും ഒന്നിച്ചു തുറക്കേണ്ടിവന്നു. മുല്ലപ്പെരിയാറിൽ നിന്ന് ഇടുക്കിയിലേക്കു തമിഴ്നാട് വെള്ളം തുറന്നുവിട്ടു.

> മുന്നറിയിപ്പുകളെല്ലാം യഥാസമയം നൽകി, നടപടിക്രമങ്ങളെല്ലാം പാലിച്ചാണു ഡാമുകൾ തുറന്നതെന്നു പറയുമ്പോൾ, അതൊന്നും കേൾക്കാതെ ജനങ്ങൾ അവിടെത്തന്നെ ഇരുന്നുവെന്നാണോ അർഥമാക്കുന്നത് ?

ചാലക്കുടി പുഴയിൽ ആറു ഡാമുകളാണ് ഒന്നിച്ചുതുറന്നത്. അപ്പർ ഷോളയാറിൽ നിന്നും പറമ്പിക്കുളത്തു നിന്നും തമിഴ്നാട് കേരളത്തിലേക്കു വെള്ളം ഒഴുക്കിവിട്ടതു പ്രശ്നം വഷളാക്കി. പെരിങ്ങൽക്കുത്ത് കര കവിയുകയും ചാലക്കുടിപ്പുഴ ഗതിമാറുകയും ചെയ്യുന്ന ഗുരുതരാവസ്ഥയിലെത്തി.

പമ്പയിൽ ഒൻപതു ഡാമുകളാണു തുറന്നത്. മൂഴിയാർ, കൊച്ചുപമ്പ, സീതത്തോട്, കക്കി, മണിയാർ പെരുന്തേനരുവി തുടങ്ങിയവയും സീതത്തോട് പ്രദേശത്തെ ചെറിയ ഡാമുകളും തുറന്നതോടെ അപ്രതീക്ഷിത വെള്ളപ്പൊക്കമായി.

കെടുകാര്യസ്ഥത വിതച്ച ഈ വിപത്തിന്റെ പൂർണ ഉത്തരവാദി ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ മുഖ്യമന്ത്രിയാണ്. മുന്നറിയിപ്പുകളെല്ലാം യഥാസമയം നൽകി നടപടിക്രമങ്ങളെല്ലാം പാലിച്ചാണു ഡാമുകൾ തുറന്നതെന്നു പറയുമ്പോൾ, അതൊന്നും കേൾക്കാതെ ജനങ്ങൾ അവിടെത്തന്നെ ഇരുന്നുവെന്നാണോ മുഖ്യമന്ത്രി അർഥമാക്കുന്നത്?

പ്രളയത്തെത്തുടർന്നു രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലും സർക്കാരിനു വൻവീഴ്ച പറ്റി. ഭരണകൂടം പരാജയപ്പെട്ടുവെന്നു വിലപിച്ചതു ഭരണപക്ഷ എംഎൽഎമാർ തന്നെയാണ്.

യഥാസമയം സൈന്യത്തെ പൂർണമായും രക്ഷാപ്രവർത്തന ചുമതല ഏൽപിച്ചിരുന്നുവെങ്കിൽ ജീവഹാനി കുറയ്ക്കാൻ കഴിയുമായിരുന്നു. നീതിപൂർവമായ അന്വേഷണം അനിവാര്യമാണ്. ജുഡീഷ്യൽ അന്വേഷണത്തിനു മാത്രമേ വസ്തുതകൾ പുറത്തുകൊണ്ടുവരാൻ സാധിക്കൂ.